## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2309 05.11.2019-ലെ മറുപടിക്ക്

### ചെലവ് ചുരുക്കലിനും റവന്യൂ വർദ്ധനവിനും സ്വീകരിച്ചുവരുന്ന നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യൂ<br>ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ. മുരളി പെരുനെല്ലി | ഡോ. ടി.എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | കേന്ദ്രസർക്കാർ യാഥാർത്ഥ്യ ബോധമില്ലാതെയുള്ള നടപടികളിലൂടെ രാജ്യത്ത് സാമ്പത്തിക മാന്ദ്യം അടിച്ചേൽപ്പിക്കുകയും പ്രതിസന്ധി യിലായ തൊഴിലാളികളെയും കർഷകരെയും അവഗണിച്ച് ഈ പ്രതിസന്ധി രാജ്യത്തെ കോർപ്പറേറ്റുകൾക്ക് അവർ കൊയ്യുന്ന ലാഭത്തിന്മേലുള്ള നികുതിയിൽ വൻ ഇളവുകൾ നൽകാനായുള്ള സുവർണാവസരമാക്കിത്തീർക്കുയും ചെയ്തത് വഴി സംസ്ഥാനത്തിനുണ്ടായ വരുമാന ചോർച്ച മറികടക്കാൻ ചെലവ് ചുരുക്കലിനും റവന്യൂ വർദ്ധനവിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ആനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചു വരുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>1. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്റ്റ് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000/- കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

| | | |
|---|---|---|
| | | ഇതിനോടകം 45618.6 കോടി രൂപയുടെ 591 പശ്ചാത്തല സൗകര്യ വികസന പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. ഇവയിൽ 247 പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. ഇത് വാസ്തവത്തിൽ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഏറ്റവും വലിയ ഉത്തേജക പാക്കേജാണ്.<br>2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.<br>3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.<br>4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.<br>5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.<br>6. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.<br>7. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യ വത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു. |
| (ബി) | പ്രതിസന്ധി തരണം ചെയ്യുന്നതിന് സംസ്ഥാനത്തിന്റെ വായ്പാപരിധി വർദ്ധിപ്പിക്കണമെന്ന ആവശ്യം കേന്ദ്രസർക്കാർ നിരസിച്ചത് കൂടാതെ 6000 കോടിയോളം രൂപ നിലവിലുള്ള വായ്പാ പരിധിയിൽ നിന്ന് വെട്ടിക്കുറയ്ക്കുകയും ചെയ്തത് | സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ജി.എസ്.ഡി.പി. യുടെ 4.5 ശതമാനമായി ഉയർത്തണമെന്നും ലോകബാങ്ക് മുതലായ വിദേശ സഹായ ഏജൻസികളിൽ നിന്നെടുക്കുന്ന വായ്പകൾ കടമെടുപ്പ് പരിധിയ്ക്ക് പുറമേ അനുവദിക്കണമെന്നും ഈ വായ്പകൾ അടുത്ത 2 വർഷത്തേയ്ക്ക് കടമെടുപ്പ് പരിധിയുടെ പുറത്തായി |

| | | |
|---|---|---|
| | പിൻവലിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | നിർത്തണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും അനുകൂല പ്രതികരണം ലഭിച്ചിട്ടില്ല. |
| (സി) | നികുതി കുടിശ്ശിക സമാഹരണത്തിനും ജി.എസ്.ടി. പരിശോധന കാര്യക്ഷമമാക്കി റവന്യൂ വർദ്ധനവിനും നടപടിയെടുത്തുവരുന്നുണ്ടോ; വിശദമാക്കാമോ? | നികുതി കുടിശ്ശിക സമാഹരണത്തിനും ജി.എസ്.ടി. പരിശോധന കാര്യക്ഷമമാക്കി റവന്യൂ വർദ്ധനവിനും സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>2. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി ബഹു. ധനകാര്യ മന്ത്രിയുടെയും ബഹു. റവന്യൂ മന്ത്രിയുടെയും നേതൃത്വത്തിൽ കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് വേണ്ട നിർദ്ദേശം നൽകി. നികുതി സെക്രട്ടറിയും നികുതി കമ്മീഷണറും കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് റവന്യൂ റിക്കവറിയുടെ അവലോകനം നടത്തി.<br>3. നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിന് ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.<br>4. ആംനസ്റ്റി സ്വീകരിച്ചവർക്ക് കുടിശ്ശികകൾ തവണ വ്യവസ്ഥയിൽ 2020 മാർച്ച് 31 വരെ അടയ്ക്കുവാൻ സാവകാശം നൽകി.<br>5. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സൂക്ഷ്മപരിശോധന ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചു പിടിക്കാൻ കഴിയും. |

| | | |
|---|---|---|
| | | 6. ജി.എസ്.ടി.ആർ-2എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ-3ബി, ജി.എസ്.ടി.ആർ-1 ഇവ തമ്മിലുള്ള താരതമ്യം, ഈ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കി നടപടികൾ സ്വീകരിച്ചു വരുന്നു.<br>7. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്കു വാഹനങ്ങളിലും ഈ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഈ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പു വരുത്തുന്നതാണ്. ഈ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്.<br>8. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| | | 9. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ച് വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചരക്ക സേവന നികുതി വിതരണക്കാർക്കും ഉപയോക്താക്കൾക്കും ബോധ വൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ